**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1756** **08-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നാഗർകോവിൽ റൂട്ടിൽ ബസ് സർവീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാരണം നിർത്തലാക്കിയ തിരുവനന്തപുരം നാഗർകോവിൽ റൂട്ടിലെ കെ.എസ്.ആർ.ടി.സി. തമിഴ്നാട് ബസ് സർവ്വീസുകൾ എപ്പോൾ പുനരാരംഭിക്കാൻ കഴിയും; അറിയിക്കുമോ; | (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം തമിഴ്നാട് സർക്കാർ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് നാഗർകോവിൽ - കന്യാകുമാരി റൂട്ട് ഉൾപ്പെടെ തമിഴ്നാട്ടിലേയ്ക്കുള്ള എല്ലാ സർവ്വീസുകളും കോർപ്പറേഷൻ നിർത്തിവച്ചിരിക്കുന്നത്. പ്രസ്തുത സർവ്വീസ് പുനരാരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിൽ നിന്നും അനുകൂലമായ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുമായി ബന്ധപ്പെട്ട് തമിഴ് നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | ടി വിഷയത്തിൽ അനുകൂല നടപടികൾ അഭ്യർത്ഥിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന് കേരള സർക്കാർ കത്ത് നൽകിയിട്ടുണ്ടെങ്കിലും ഉത്തരവ് ലഭിച്ചിട്ടില്ലാത്തതിനാൽ തമിഴ്നാട്ടിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുമായി ഈ വിഷയം പ്രത്യേകമായി ചർച്ച നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ